**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1062** **07-12-2022 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ വന്യമൃഗശല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിലെ വന്യമൃഗശല്യം പരിഹരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ; | (എ) | പൂഞ്ഞാർ മണ്ഡലത്തിൽപ്പെട്ട കോട്ടയം ഡിവിഷന്റെ പരിധിയിൽ വരുന്ന വന മേഖലകളുമായി അതിർത്തി പങ്കിടുന്ന സ്ഥലങ്ങളിൽ നിലവിൽ സൗരോർജ്ജ വേലികൾ നിർമ്മിച്ചിട്ടുണ്ട്. വന്യജീവി ആക്രമണം തടയുന്നതിനായി പ്രശ്ന ബാധിത മേഖലകളിലെ പൊതുജനങ്ങളെ പങ്കെടുപ്പിച്ച് ജന ജാഗ്രത സമിതികൾ രൂപീകരിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി സൗരോർജ്ജവേലികളുടെ അടിക്കാടുകൾ തെളിക്കുന്ന ജോലികൾ നടത്തിയിട്ടുണ്ട്. അറ്റകുറ്റപ്പണികൾ നടത്തിയും ദിവസവേതന വാച്ചർമാരെ ഉൾപ്പെടുത്തി നിരീക്ഷണം നടത്തിയും സൗരോർജ്ജ വേലികളുടെ പ്രവർത്തനം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. റെയിഞ്ചിലെ ജീവനക്കാർ പകൽ- രാത്രികാല ഫീൽഡ് സഞ്ചാരം നടത്തി വന്യജീവികൾ ജനവാസമേഖലയിലേയ്ക്ക് ഇറങ്ങുന്ന സാഹചര്യം ബോദ്ധ്യപ്പെട്ടാൽ ഉടൻ തന്നെ വാച്ചർമാരുടെയും പൊതുജനങ്ങളുടെയും സഹായത്തോടെ അവയെ തിരിച്ച് കാടിനുള്ളിലേയ്ക്ക് കയറ്റിവിടുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. പെരിയാർ ടൈഗർ റിസർവ്വ് വെസ്റ്റ് ഡിവിഷനിലെ പമ്പ റെയിഞ്ചിന്റെ പരിധിയിൽ വരുന്ന വനാതിർത്തിയിലെ 21.68 കി.മീ. ദൂരത്തിൽ സോളാർ വേലിയും 11.09 കി.മീ. ദൂരത്തിൽ ട്രഞ്ചും സ്ഥാപിച്ച് വനഭൂമിയും കൃഷിഭൂമിയും പൂർണ്ണമായും വേർതിരിച്ച്, വന്യജീവികളുടെ ആക്രമണത്തിൽ നിന്നും പരിപൂർണ്ണ സുരക്ഷ ഒരുക്കിയിട്ടുണ്ട്. പ്രസ്തുത സൗരോർജ്ജ വേലികളെല്ലാം തന്നെ പ്രവർത്തനക്ഷമവും വർഷം മുഴുവൻ ഇ.ഡി.സി. അംഗങ്ങളായ ലൈൻമാന്മാരുടെ സേവനം പ്രയോജനപ്പെടുത്തി പരിരക്ഷ ഏർപ്പെടുത്തി വരുന്നവയുമാണ്. കൂടാതെ പീരുമേട് മേഖലയിൽ പ്രവർത്തിച്ചുവരുന്ന റാപ്പിഡ് റെസ്പോൺസ് ടീമിന്റെ |

| | | | |
|---|---|---|---|
| | | | പ്രവർത്തനം പ്രത്യേകമായി ഉപയോഗപ്പെടുത്തിവരുന്നു. കോട്ടയം ഡിവിഷനിലെ എരുമേലി റെയിഞ്ചിന്റെ അധീനതയിൽ വരുന്നതും പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടുവരുന്നതുമായ വനമേഖലയോട് ചേർന്നുള്ള കൃഷിയിടങ്ങളിൽ വന്യജീവി ശല്യം കുറയക്കുന്നതിനായി വനാതിർത്തി പങ്കിടുന്ന കോരുത്തോട്, മുണ്ടക്കയം, എരുമേലി പഞ്ചായത്തുകളിലെ ഭാഗങ്ങളായ കൊമ്പുകുത്തി ട്രൈബൽ സെറ്റിൽമെന്റ് ഭാഗത്ത് വന്യവിവി സംഘർഷം മൂലം കൃഷിനാശവും ജീവനും സ്വത്തിനും നാശം വരുത്തുന്നത് തടയുന്നതിനായി കഴിഞ്ഞ സാമ്പത്തികവർഷങ്ങളിൽ സൗരോർജ്ജവേലി നിർമ്മിച്ചതുമായി ബന്ധപ്പെട്ട വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | വന്യമൃഗങ്ങളിൽ നിന്ന് കൃഷി ഭൂമി സംരക്ഷിക്കുന്നതിനായി കോരുത്തോട് ഗ്രാമപഞ്ചായത്തിലെ പത്തേക്കർ മുതൽ കണ്ണാട്ടുകവല വരെ നാനൂറ്റി അൻപത് മീറ്റർ നീളത്തിൽ കിടങ്ങ് നിർമ്മിക്കുന്നതിന് തയ്യാറാക്കിയിട്ടുള്ള പന്ത്രണ്ട് ലക്ഷം രൂപയുടെ പദ്ധതിക്ക് അനുമതി നല്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | കണ്ണാട്ടുകവല മുതൽ പത്തേക്കർ വരെ 450 മീറ്റർ നീളത്തിൽ കിടങ്ങ് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ കൂടുതൽ ഫലപ്രദമാകുന്നതിനായി കണ്ണാട്ടുകവല മുതൽ പന്നിവെട്ടുംപാറ വരെ 0.5 കി.മീ. ആയി പരിഷ്കരിച്ച് നബാർഡ് സ്കീമിൽ 12.43 ലക്ഷം രൂപയുള്ള പ്രൊപ്പോസലിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സർക്കാരിലേയ്ക്ക് ശുപാർശ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| **പ്രദേശം** | **കി.മീ.** | **രൂപ (ലക്ഷത്തിൽ)** |
|---|---|---|
| കാളകെട്ടി-2015 പ്ലാന്റേഷൻ ഭാഗം | 1.50 | 2.68 |
| റീച്ച്-1 & റീച്ച്-2 | 3.50 | 6.25 |
| ഇഞ്ചക്കുഴി-കാരിശ്ശേരി ഭാഗം | 5.00 | 8.72 |
| 2016 കാളകെട്ടിതേക്ക് തോട്ടം | 5.85 | 11.46 |
| കൊപ്പം-എലിവാലിക്കര ഭാഗം | 7.50 | 12.35 |
| മഞ്ഞളരുവി ഭാഗം | 0.81 | 0.61 |
| പാണപിലാവ് ഭാഗം | 5.00 | 6.23 |
| അരിവിക്കൽ-കാളകെട്ടി ഭാഗം | 5.00 | 6.26 |
| കാരിശ്ശേരി-504 കോളനി | 5.00 | 9.25 |
| മാങ്ങാപേട്ട -504 കോളനി ഭാഗം | 3.50 | 6.71 |
| **ആകെ** | **42.66** | **70.52** |